**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3824** **15-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | പയ്യന്നൂരിലെ കോടതി സമുച്ചയത്തിന്റെ പൈലിംഗ് ജോലികൾ പൂർത്തിയായി. നിലവിൽ പ്ലിന്ത് ബീം കോൺക്രീറ്റ് ജോലികൾ പുരോഗമിക്കുകയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | 12.03.2022-ന് മുമ്പ് പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. 13.03.2020 ന് കരാറുകാരന് നിർമ്മാണ സ്ഥലം കൈമാറിയിരുന്നു. പ്രവൃത്തി ആരംഭിക്കുന്നതിനായി സ്ഥലത്തെ പഴയ കെട്ടിടങ്ങളും മരങ്ങളും മുറിച്ച് മാറ്റി 20.08.2020 ന് സ്ഥലം PWD യ്ക്ക് കൈമാറി. കോവിഡ് 19 മഹാമാരിയുടെ സാഹചര്യത്തിൽ തൊഴിലാളികളുടെയും നിർമ്മാണ സാമഗ്രികളുടെയും ലഭ്യതയിൽ ബുദ്ധിമുട്ടുള്ളതിനാൽ ടെസ്റ്റ് പൈലിംഗ് ജോലികൾ നടത്താൻ കാലതാമസം നേരിട്ടു. പിന്നീട് 6.10.2020 ന് ടെസ്റ്റ് പൈലിംഗ് ജോലികൾ പൂർത്തിയായി. സ്ട്രക്ചറൽ ഡിസൈൻ 8.01.2021- ന് ലഭിച്ചു. നിലവിൽ പൈലിംഗ് ജോലികൾ ഗ്രിഡ് ബീം, പൈൽ ക്യാപ്, ലാറ്ററൈറ്റ് ജോലികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. പ്ലിന്ത് ബീം ജോലികൾ പുരോഗമിക്കുകയാണ്. |
| (ഡി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; | (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഇ) | 01.03.2023-ന് മുമ്പ് പണി പൂർത്തിയാകുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ